സാധന നിയമപ്രകാരം നടപടികൾ കൈക്കൊള്ളുന്നതിന് വകുപ്പിൽ സംവിധാനമുണ്ട്.

(2) കച്ചവടക്കാർ ദിനംപ്രതി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറുമായി ഒൻപതു വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരടങ്ങിയ ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. മോണിറ്ററിംഗ് സെല്ലിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധനകളും, റെയ്ഡുകളും നടത്തി, കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ സംസ്ഥാന പ്രൈസ് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.

മാവേലീസ്റ്റോറുകളുടെ പ്രവർത്തനത്തിന് ജനകീയ കമ്മിറ്റികൾ

99 (756) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി മാവേലീസ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മാവേലീ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു;

(സി) ഈ സർക്കാർ കഴിഞ്ഞ നാലുവർഷത്തിനിടയിൽ എത്ര മാവേലീ സ്റ്റോറുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) മാവേലീസ്റ്റോറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ ജനകീയ കമ്മിറ്റികൾക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 753 മാവേലീസ്റ്റോറുകളും 21 സഞ്ചരിക്കുന്ന മാവേലീസ്റ്റോറുകളും സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

(സി) 107 പുതിയ മാവേലീസ്റ്റോറുകൾ ആരംഭിച്ചു. അടച്ചുപൂട്ടിയിരുന്ന 15 മാവേലീസ്റ്റോറുകൾ വീണ്ടും തുറന്നു പ്രവർത്തനം ആരംഭിച്ചു.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും നിലവിലില്ല.

പുതിയ മാവേലീസ്റ്റോറുകളും അവയിലെ നിയമനങ്ങളും

100 (757) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പുതിയ മാവേലീസ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) നഗരപ്രദേശങ്ങളിൽ പുതിയ മാവേലീസ്റ്റോറുകൾ ആരംഭിക്കാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ആലപ്പുഴ നഗരത്തിൽ പുതിയതായി എത്ര മാവേലീസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്; അനുവദിച്ചിട്ടില്ലെങ്കിൽ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ മാവേലീസ്റ്റോറുകളുടെ പ്രവർത്തനത്തിനായി എത്ര തസ്തികളാണ് പുതിയതായി സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളത്; അവ ഏതെല്ലാം; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) പുതിയ തസ്തികകളിലേയ്ക്കുള്ള നിയമന രീതി വിശദമാക്കുമോ; മേൽ പറഞ്ഞ നിയമനങ്ങളിൽ നിലവിലുള്ള നിയമങ്ങൾ പാലിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലീസ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിലാണ് പുതിയ മാവേലീസ്റ്റോറുകൾ ആരംഭിക്കുന്നത്. വിപണന സാദ്ധ്യത കൂടുതലുള്ളതും ഗതാഗതസൗകര്യമുള്ളതുമായ സ്ഥലമാണ് മാവേലീസ്റ്റോർ തുടങ്ങുന്നതിന് പരിഗണിയ്ക്കുക. കടമുറിക്ക് 350 ച.അടി വിസ്തീർണ്ണം ഉണ്ടായിരിക്കണം. കെട്ടിടത്തിന്റെ ആദ്യത്തെ രണ്ടു വർഷത്തെ വാടക (കോർപ്പറേഷൻ നിശ്ചയിക്കുന്ന തുക) അതാത് പഞ്ചായത്ത് തന്നെ നൽകേണ്ടതാണ്. ആദ്യത്തെ രണ്ടു വർഷത്തിനുശേഷം കോർപ്പറേഷൻ തന്നെ വാടക കെട്ടിടമുടമയ്ക്ക് നൽകും.

(ബി) നഗര പ്രദേശങ്ങളിൽ പുതിയ മാവേലീസ്റ്റോറുകൾ ആരംഭിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ആലപ്പുഴ നഗരത്തിൽ ഇപ്പോൾ തന്നെ നാല് മാവേലീസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. നഗര പ്രദേശങ്ങളിൽ കൂടുതൽ മാവേലീസ്റ്റോറുകൾ അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ഡി) 300 അസിസ്റ്റന്റുമാരുടെയും 450 ഹെൽപ്പർമാരുടെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പു അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റുമാരുടെ നിയമനം, സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഡപ്യൂട്ടേഷൻ വ്യവസ്ഥയിലും, കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ റിക്രൂട്ട്മെന്റ്/പ്രമോഷൻ റൂൾസ് 1997 ൽ പറഞ്ഞിട്ടുള്ളതുപോലെ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ യോഗ്യതയുള്ള സെയിൽസ്മാൻ, ഹയർഗ്രേഡ് ഹെൽപ്പർമാർ എന്നിവർക്ക് അർഹതപ്പെട്ട പ്രൊമോഷൻ വ്യവസ്ഥയിലും നടത്തുന്നതാണ്. ഹെൽപ്പർമാരുടെ നിയമനം കേരളാ പബ്ലിക് സർവീസ് കമ്മീഷന് വിട്ടിരിക്കുകയാണ്. പബ്ലിക് സർവീസ് കമ്മീഷനിൽ നിന്ന് ഉദ്യോഗാർത്ഥികളെ യഥാസ

† ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മയം ലഭ്യമാകാതെ വന്നാൽ അടിയന്തിര സാഹചര്യങ്ങളിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതാണ്.

ഗ്രാമ പഞ്ചായത്തുകളിൽ മാവേലീസ്റ്റോർ ആരംഭിക്കുന്നതിന് നടപടി

101 (758) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടയ്ക്കാട് മണ്ഡലത്തിൽപ്പെടുന്ന തോട്ടടയിൽ ഒരു മാവേലീ സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇനി എത്ര ഗ്രാമപഞ്ചായത്തുകളിൽ മാവേലീ സ്റ്റോർ ആരംഭിക്കാനുണ്ടെന്നും അവ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്ത് 356 ഗ്രാമപഞ്ചായത്തുകളിൽ മാവേലീസ്റ്റോർ ആരംഭിക്കാനുണ്ട്. അനുയോജ്യമായ കെട്ടിടം കിട്ടുന്ന മുറയ്ക്ക് അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മാവേലീസ്റ്റോറുകളിലെ വിൽപ്പന വർദ്ധിപ്പിക്കാൻ നടപടി

102 (759) ശ്രീ. എ. അലി. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലീസ്റ്റോറുകളിലെ പ്രതിദിന വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മാവേലീസ്റ്റോറുകളിൽകൂടി ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയവയുടെ വിൽപ്പന പുനരാരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലീസ്റ്റോറുകളിലെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് സാധനങ്ങൾക്ക് സർക്കാർ സബ്സിഡി നൽകിക്കൊണ്ടാണ് വിൽപ്പന നടത്തുന്നത്. പലവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര മുതലായ 18 ഇനം സാധനങ്ങൾക്ക് സർക്കാരാണ് മാസാമാസം വില നിശ്ചയിക്കുന്നത്. മാവേലീയിതര സാധനങ്ങളായ സോപ്പ്, ടൂത്ത്പേസ്റ്റ് മുതലായവ മാക്സിമം റീട്ടെയിൽ പ്രൈസിനെക്കാളും കുറഞ്ഞ വിലയ്ക്കും മാവേലിസ്റ്റോറുകളിലൂടെ വിൽപ്പന നടത്തുന്നു. ഇവ വിൽക്കുന്നത് പ്രോത്സാഹിപ്പിക്കാൻ മാവേലിസ്റ്റോറുകളിലെ ജീവനക്കാർക്ക് ഇൻസെന്റീവും നൽകിവരുന്നുണ്ട്.

(ബി) താരതമ്യേന പെട്ടെന്ന് കേടു സംഭവിക്കുന്ന സാധനങ്ങളാകയാൽ മാവേലീസ്റ്റോറുകളിൽ കൂടി ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയവയുടെ വിൽപ്പന പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly